# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 239 | 30/11/2015 ൽ മറുപടിക്ക് |
|---|---|

### ബാർ ലൈസൻസ് കോഴ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.പി.അയിഷാ പോറ്റി | | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | എക്സൈസ് വകുപ്പ് മന്ത്രിയ്ക്കെതിരെ ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് പുറത്തുവന്ന പുതിയ തെളിവുകളുടെയും വെളിപ്പെടുത്തലുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ക്വിക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. ഇടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | (എ) യും (ബി) യും | പ്രസ്തുത വിഷയം സംബന്ധിച്ച് പ്രാഥമിക അന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയിട്ടുണ്ട്. പരിശോധനയിൽ ലഭ്യമായ എല്ലാ ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. കേസ് എടുക്കാനുള്ള മെറ്റീരിയൽസ് ഇല്ലാത്തതിനാൽ പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ കേസ് എടുക്കേണ്ടതില്ല എന്ന ശുപാർശ വിജിലൻസ് ഡയറക്ടർ അംഗീകരിക്കുകയുണ്ടായി. തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. |
| (ബി) | ഇക്കാര്യത്തിൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | | |
| (സി) | തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സി.ആർ.പി.സി 164 പ്രകാരമുള്ള ബിജു രമേശിന്റെ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രിക്കെതിരായ പരാമർശങ്ങൾ, ബാർ ഓണേഴ്സ് അസോസിയേഷൻ യോഗത്തിൽ കൈക്കൂലിയുമായി ബന്ധപ്പെട്ട് പുറത്തുവന്ന ബാറുടമകളുടെ സംഭാഷണങ്ങൾ അടങ്ങിയ ശബ്ദ രേഖ, ഇതിനകം പുറത്തുവന്ന മറ്റ് സംഗതികൾ ഇവയെല്ലാം ക്വിക് വെരിഫിക്കേഷന്റെ ഭാഗമാക്കാമോ ; | (സി) | ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് ശ്രീ.ബിജു രമേശ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ Cr.Pc 164 മൊഴിയിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ഉണ്ടായ പരാമർശത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും ശബ്ദരേഖ ഉൾപ്പെടെ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ബന്ധപ്പെട്ടവരെ ചോദ്യം ചെയ്യുകയും ചെയ്തു. എന്നാൽ പ്രസ്തുത അന്വേഷണത്തിൽ കേസ് എടുക്കേണ്ടതായ മെറ്റീരിയൽസ് ഇല്ലാത്തതിനാൽ തുടർ നടപടികൾ ആവശ്യമില്ല എന്ന തീരുമാനത്തിൽ എത്തിയിരിക്കുകയുമാണ്. Preliminary Enquiry യുടെ ഭാഗമായി നിയമ പരമായി എടുക്കേണ്ട എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മന്ത്രിയ്ക്കെതിരെ നടന്നതായി പറയുന്ന പ്രാഥമിക അന്വേഷണം എത്രത്തോളം കുറ്റമറ്റതായിരുന്നു; വ്യക്തമാക്കാമോ; | (ഡി) | സത്യസന്ധമായും നീതിയുക്തമായുമാണ് പ്രാഥമിക അന്വേഷണം നടത്തിയിട്ടുള്ളത്. |
| (ഇ) | വിജിലൻസിന്റെ കൈയ്യിലുണ്ടായിരുന്ന ശബ്ദരേഖയും ബാറുടമകൾ നൽകിയ മൊഴികളും മറ്റും പ്രാഥമികാന്വേഷണത്തിൽ പരിഗണിച്ചിട്ടുണ്ടോ ; | (ഇ) | ഉണ്ട്. |
| (എഫ്) | ബജറ്റ് ചർച്ചയ്ക്ക് ശേഷം ഉദ്യോഗസ്ഥരെ ഒഴിവാക്കി എക്സൈസ് മന്ത്രി ബാറുടമകളുമായി നടത്തിയ ചർച്ചയിൽ 10 കോടി രൂപയുടെ കച്ചവടം ഉറപ്പിച്ചതായുള്ള ബിജുരമേശിന്റെ മൊഴി പ്രാഥമികാന്വേഷണത്തിൽ പരിഗണിച്ചിട്ടുണ്ടോ ; | (എഫ്) | പരിഗണിച്ചിട്ടുണ്ട്. |
| (ജി) | മന്ത്രിയ്ക്കെതിരെ ഇതേവരെ പുറത്തുവന്ന തെളിവുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ഉടൻ ക്വിക്ക് വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകാമോ ; ഇക്കാലയളവിൽ മന്ത്രി തൽസ്ഥാനത്ത് ഇരുന്നത് സ്വതന്ത്രമായ അന്വേഷണത്തിന് എത്രത്തോളം വിഘാതമാവുന്നുണ്ട് ; വ്യക്തമാക്കാമോ ? | (ജി) | ബഹു.സുപ്രീംകോടതിയുടെ Lalithakumari Vs Sate of Uttarpradesh യിൽ നിർദ്ദേശിച്ചതുപോലെ പ്രാഥമിക അന്വേഷണം നടത്തിയതിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുള്ള മെറ്റീരിയൽസ് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പിന്നെയും ഒരു സ്വതന്ത്രാന്വേഷണത്തിന്റെ പ്രസക്തിയില്ല |

സെക്ഷൻ ഓഫീസർ